"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- ഇടുക്കി ജില്ലാ പഞ്ചായത്ത് മൂന്നാർ ഡിവിഷൻ അംഗത്തിനെതിരെ ശ്രീ.ദിനേശ്.എം സമർപ്പിച്ച പരാതി - 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 271 ജെ പ്രകാരം, ബഹു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാന് റഫർ ചെയ്തു ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്

G.O.(Rt)No.1527/2023/LSGD തീയതി,തിരുവനന്തപുരം, 26-07-2023

---

പരാമർശം:-

1. 14.03.2022 തിയതിയിൽ ശ്രീ.ദിനേശ്.എം ബഹു. പ്രധാനമന്ത്രിയ്ക്ക് സമർപ്പിച്ച (No.PMOPG/D/2022/0075459) പരാതി.
2. 5.07.2022ലെ 6294549/SOCSPC/GAD/2022 നമ്പർ കത്ത്.
3. പഞ്ചായത്ത് ഡയറക്ടറുടെ 19.10.2022 ലെ പി.എ.എൻ/12363/2022-ഡി7((ഡി.പി) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഇടുക്കി ജില്ലാ പഞ്ചായത്തിൽ മൂന്നാർ ഡിവിഷനിൽ 2010-15 കാലയളവിൽ അംഗമായിരുന്ന ശ്രീമതി. സുശീല അനധികൃതമായി സ്വത്ത് സമ്പാദിച്ചതായി ആരോപിച്ച് ശ്രീ.ദിനേശ്.എം. പരാമർശം (1) പ്രകാരം സമർപ്പിച്ച പരാതി പരാതിയിന്മേൽ പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. പരാതിയ്ക്ക് ആധാരമായ വിഷയം അനധികൃത സ്വത്ത് സമ്പാദനവുമായി ബന്ധപ്പെട്ടതായതിനാൽ ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിന്റെ പരിധിയിൽ നിന്നുകൊണ്ട് അന്വേഷണം നടത്തുന്നത് പ്രായോഗികമല്ലായെന്നും വിഷയം ബഹു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാന് റഫർ ചെയ്യുന്നത് ഉചിതമായിരിക്കുമെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു.പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരമുള്ള പരാതി 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 271 ജെ പ്രകാരം, ബഹു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാന് റഫർ ചെയ്തു ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SNEHALATHA K
DEPUTY SECRETARY

സെക്രട്ടറി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ,സാഫല്യം കോംപ്ലക്സ്, പാളയം, തിരുവനന്തപുരം.

പ്രിൻസിപ്പൽ ഡയറക്ടർ ,തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ശ്രീ.ദിനേശ്.എം, ശ്രീനിലയം, എച്ച്.ആർ.സി റോഡ്, മൂന്നാർ പി.ഒ, കേരള-685612.

ഡയറക്ടർ ,ഇൻഫർമേഷൻ കേരള മിഷൻ ,തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ[LSGD-EM2/33/2023-LSGD].

ഉത്തരവിൻ പ്രകാരം

Signed by
Vijayakumar d
സെക്ഷൻ ഓഫീസർ
Date: 31-07-2023 13:14:26

**Copy to: PA to Principal Secretary.**